


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 • ISSUE : 7

JULY 2009


## എഡിറ്റോറിയൽ

## നമുക്ക് എന്തു സംഭവിക്കും?

അപ്പോസ്തലനായ പൗലോസ് തന്റെ വേർപാടിനെക്കുറിച്ച് തനിക്കറിയാവുന്ന കാര്യങ്ങൾ തുറന്നു സംസാരിച്ചിരുന്നു (2 തിമൊ 4:6). മരണത്തിന്റെ വിഷമുള്ള് പാപം (1കൊരി 15:55 - 57). ക്രിസ്തു ക്രൂശിന്മേൽ അതിനുള്ള ശിക്ഷ വഹിച്ചതിനാൽ നീങ്ങിപ്പോയി. മരണം വിജയത്തിന് വഴിമാറിക്കൊടുക്കും (1 കൊരി 15:54), ക്രിസ്തുവിൽക്കൂടെയുള്ള നീതീകരണം മുമ്പെന്നത്തെക്കാളും കൂടുതലായിട്ട് അപ്പോൾ തനിക്ക് അനുഭവമാകും. താൻ ആക്ഷരീകമായിത്തന്നെ ക്രിസ്തുവിനോടുകൂടെ വസിക്കും (2 കൊരി 5:8). പൗലോസ് പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് സംസാരിച്ചിരുന്ന കാര്യങ്ങളാണിവ.

അമേരിക്കയിൽ താമസിക്കാൻ ചെന്ന ഒരു സുവിശേഷപ്രസംഗകന്റെ വിവരണം വായിച്ചിട്ടുണ്ട്. അയാൾ ചെന്ന് കുറച്ചുനാളത്തേയ്ക്ക് സന്ദർശകരുടെ തിരക്കായിരുന്നു. അത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. പക്ഷേ പിന്നീടാണ് അവരെല്ലാം ഇൻഷുറൻസ് ഏജന്റുമാരാണെന്നു മനസ്സിലാക്കിയത്. അവരിലൊരാൾ ഒരിക്കൽ സംസാരമദ്ധ്യേ അയാളുടെ വിഷയം അവതരിപ്പിക്കുവാൻ ശ്രമിച്ചു. സുവിശേഷകന് ഭാവിയിൽ എന്തെങ്കിലും സംഭവിച്ചാൽ എന്നു സംസാരം തുടങ്ങി. ഉടനെതന്നെ സുവിശേഷകൻ അതു തടഞ്ഞുകൊണ്ട് നിങ്ങൾ അങ്ങനെ പറയരുതെന്നു പറഞ്ഞു. പിന്നെയും ഏജന്റ് പറഞ്ഞു. നിങ്ങളെ വിഷമിപ്പിക്കുവാൻ പറഞ്ഞതല്ല. "നമ്മൾക്ക് എന്തെങ്കിലും സംഭവിച്ചാൽ....." അതും പൂർത്തിയാക്കാൻ സമ്മതിക്കാതെ സുവിശേഷകൻ പറഞ്ഞു. നിങ്ങൾ അതുമാത്രം പറയരുത്. അതെന്നെ വിഷമിപ്പിക്കും. അപ്പോൾ ഏജന്റ് അതിന്റെ കാര്യം തിരക്കി. സുവിശേഷകൻ ഇങ്ങനെ തുടർന്നു. മനുഷ്യജീവിതത്തിൽ നിശ്ചയമുള്ള ഏകകാര്യം മരണമാണ്. അതിനെക്കുറിച്ച് നിങ്ങൾ അതു സംഭവിക്കുകയാണെങ്കിൽ എന്നുപറയുന്നത് നിങ്ങളുടെ അറിവുകുറവുകൊണ്ടാണ്. മരണശേഷം എന്തുസംഭവിക്കുമെന്ന് നിങ്ങൾക്കു പറയാമോ. എനിക്കതെല്ലാം നല്ല നിശ്ചയമാണ്. ഏജന്റിന് പിന്നെ കൂടുതലൊന്നും പറയുവാനുണ്ടായിരുന്നില്ല.

യേശുക്രിസതുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു (റോമർ 6:3). നാം ക്രിസ്തുവിനോടുകൂടെ മരിച്ചവരാണെങ്കിൽ അവനോടുകൂടി ജീവിക്കും. മരണത്തിന് അവന്റെ മേൽ യാതൊരധികാരവുമില്ല. എന്തെന്നാൽ അവൻ മരണത്തെ തോൽപ്പിച്ച് ഉയർത്തെഴുന്നേറ്റിരിക്കുന്നു.

ജനറൽ പോൾ വോൺ ഹിൻഡൻബർഗ് ആസന്നമരണനായിക്കിടന്നപ്പോൾ തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ക്രിസ്തീയ ഡോക്ടറോട് മരണം എന്റെ മുറിയിലെത്തിയോ എന്നു ചോദിച്ചു. അവൻ അടുത്തെത്തി കാത്തു നിൽക്കുകയാണെന്നു ഡോക്ടർ പറഞ്ഞു. ശരി എങ്കിൽ എന്റെ കർത്താവിനോടെനിക്കു സംസാരിക്കണം എന്നു പറഞ്ഞുകൊണ്ട് തലയിണയുടെ അടിയിൽ നിന്ന് പുതിയ നിയമം എടുത്ത് യോഹന്നാൻ 14:1 - 3 വരെ വായിച്ചു. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. പിന്നീട് അദ്ദേഹം ഡോക്ടറോട് മരണത്തെ അകത്തേക്കു വിളിച്ചുകൊൾക, എനിക്കു ലേശവും ഭയമില്ല എന്നുപറഞ്ഞു.

യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ആരുംതന്നെ മരണത്തെ ഭയപ്പെടേണ്ടതില്ല. മരണശേഷം എന്തു സംഭവിക്കുമെന്ന് ആശങ്കപ്പെടേണ്ടതുമില്ല. യേശു ഒരുക്കിയിരിക്കുന്ന 'പറുദീസ' സ്വന്തമാക്കാൻ പ്രാർത്ഥനയിൽക്കൂടി ശ്രമിച്ചാൽ മാത്രം മതി. ■

# സ്വർഗ്ഗവും ഭൂമിയും സമാഗമിക്കുമ്പോൾ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



തെറ്റുചെയ്യുന്ന മനുഷ്യർ പശ്ചാത്തപിക്കുമ്പോൾ മാലാഖമാർ സന്തോഷിക്കും എന്ന് ലോകരക്ഷകൻ അരുൾചെയ്തിട്ടുണ്ട്. ഭൂമിയും സ്വർഗ്ഗവും സന്തോഷിക്കുന്ന ഒരപൂർവ്വ സംഗമമാണത്. ക്രിസ്തുവിന്റെ ജനനത്തിൽ സ്വർഗ്ഗം മധുരമായി ഗാനമുതിർക്കുമ്പോൾ, ഭൂമി നിർവൃതി കൊള്ളുന്നത് മറ്റൊരു മുഗ്ദ്ധരംഗമാണ്. എന്നാൽ ഭൂസ്വർഗ്ഗങ്ങളുടെ ഒത്തുചേരൽ എന്ന കൂട്ടായ്മയുടെ ഇഴകൾ സങ്കീർത്തനകർത്താവ് അപഗ്രഥിച്ചു തരുന്നുണ്ട്.

ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു.
നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു.
വിശ്വസ്തത ഭൂമിയിൽ നിന്നു മുളയ്ക്കുന്നു
നീതി സ്വർഗ്ഗത്തിൽ നിന്നു നോക്കുന്നു
(സങ്കീ 85ഃ 10 - 11)

സ്വർഗ്ഗം ദയവിന്റെയും മനസ്സലിവിന്റെയും പ്രതീകമാണ്. കാരുണ്യത്തിന്റെ ആ വിശിഷ്ടമഴമേഘങ്ങൾ തേടുന്നത് ഭൂമിയിലെ വിശ്വസ്തത എന്ന തണുത്ത കാറ്റ് വീശലാണ്. അവിശ്വസ്തതയുടെ ഭാണ്ഡംപേറുന്ന മനുഷ്യമനസ്സുകൾക്ക് ദേവകാരുണ്യം ലഭിക്കുക. അസാദ്ധ്യം. വിശ്വാസത്തിൽ നിന്നുളവാകുന്ന മറ്റൊരു പുണ്യമാണ് വിശ്വസ്തത (faith and faithfulness). വിശ്വാസം എന്നതിന്റെ അടിസ്ഥാനസാരം ആശ്രയത്തിന്റെ ഉറപ്പ് എന്നാണല്ലോ. മറ്റൊന്നിനെ തേടിപ്പോകാതെ ഏക ഉദ്ദേശം, ഏക ഭക്തി, ഏകപ്രതിബദ്ധത എന്നിവയെല്ലാം ചേരുന്ന ഒരുതരം പാതിവ്രത്യം(chastity) മാണ് വിശ്വസ്തത. അതിൽ കളവും, വഞ്ചനയും, ഒളിച്ചുവയ്ക്കലും, ദ്വയാർത്ഥപ്രയോഗങ്ങളും കണികാണാനില്ല. അത് ഒരുതരം തെളിനീർപ്രവാഹം തന്നെ. ദൈവകൃപാകടാക്ഷങ്ങൾ ഇറങ്ങിവരാനും പോഷണമേകാനും വകയും അവസരവുമുണ്ടാക്കുന്നത് കറതീർന്ന വിശ്വസ്തതയാണ്. വിശ്വസ്തതയുടെ പര്യായമായി വിശുദ്ധിയെ കണക്കാക്കാം. വ്യക്തിബന്ധങ്ങളിൽപോലും വിലപ്പെട്ടതായി ശക്തിപ്പെടുന്ന വിശ്വസ്തത, ദൈവത്തിന്റെ മനസ്സിനിണങ്ങുന്നതാണ്. അവിശ്വസ്തത ആരും മാനിക്കുകയില്ല; പൊറുക്കുകയുമില്ല. അത് കേവലം ഉടമ്പടി ലംഘനവും, പാലംവലിക്കലുമാണ്. വ്യക്തിബന്ധങ്ങളുടെ ദൃഢത നിർണ്ണയിക്കുന്നത് അതിലെ വിശ്വസ്തതയുടെ ആഴവും പരപ്പുമാണ്.

വിശ്വസ്തതയ്ക്കും ദയയ്ക്കും സമാന്തരമായി വരച്ചിരിക്കുന്ന രേഖയാണ് നീതി - സമാധാനങ്ങളുടെ ഋജുരേഖ. Rightousness എന്നതിന്റെ മലയാള പരിഭാഷാപദങ്ങളിൽ ഏറ്റവും അടുത്ത അർത്ഥമുള്ള പദം 'ധർമ്മം' എന്നതാണെന്നു തോന്നുന്നു. കേവലം 'നീതി' എന്ന ആശയത്തിൽ അത് ഒതുക്കുവാനാവില്ല. സത്യത്തിൽ അധിഷ്ഠിതവും, നീതിനിഷ്ഠവും ഉദ്ദേശത്തിന് സംശുദ്ധവുമായ സുകൃതങ്ങളുടെ സമ്മേളനമാണ് 'ധർമ്മ'മെന്നു വിവക്ഷിക്കുന്ന Rightousness. അത് ഈശ്വരന്റെ പ്രകൃതി യാണ്. അതായത് സ്വാഭാവികത. ദൈവം നീതിമാൻ എന്നു പറയുന്നതിന്റെ അർത്ഥം പക്ഷംപിടിക്കാത്ത ന്യായാധിപൻ എന്നു മാത്രമല്ല. സത്യത്തിനു സാക്ഷ്യം വഹിക്കുന്നവനും എന്നുകൂടി അതിന് സാരമുണ്ട്.

ഭൂമി അനുരഞ്ജനത്തിന്റേതാകുമ്പോൾ അവിടെ ദൈവത്തിന്റെ Rightousness വന്നിറങ്ങുന്നു. കേവലം കലഹരഹിതമായ അന്തരീക്ഷം എന്ന സാമാന്യ അർത്ഥവിശേഷമല്ല 'സമാധാനം' എന്നതിനുള്ളത്. ബാബേൽ കോട്ട പണിയുമ്പോൾ അവിടെ ഭിന്നതയുടെ അസ്വാരസ്യമുണ്ടായി. അത് ഭാഷയിലൂടെയും പ്രകടമായി. അവിടെ കലങ്ങിയത് ഭാഷമാത്രമല്ല, സമൂഹഗാത്രത്തിലെ ഐക്യവും കൂട്ടായ്മയുമാണ്. ഇത്തരം കലഹങ്ങൾ മാഞ്ഞ് അനുരഞ്ജനത്തിന്റെ സൂര്യോദയമുണ്ടാകുമ്പോൾ, ദൈവത്തിന്റെ നീതിയെന്ന ധാർമ്മികതയുടെ വെളിച്ചവും പ്രഭാവവുമുണ്ടാകുന്നു.

ഇപ്പറഞ്ഞതിന്റെ പ്രായോഗികത മുഴുവൻ മനുഷ്യജീവിതത്തെപ്പുണരുന്നതാണ്. വ്യക്തിജീവിതത്തിലെയും മനുഷ്യബന്ധങ്ങളിലെയും സംസ്കാരം കലഹത്തിന്റേതോ, അഹംഭാവത്തിന്റേതോ, ദയാരാഹിത്യത്തിന്റേതോ അല്ല. മറിച്ച്, കാരുണ്യം, അനുരഞ്ജനം, മനസ്സലിവ്, ശുദ്ധഹൃദയം, ത്യാഗസന്നദ്ധത, ഭൂതദയ തുടങ്ങിയ സുകൃതങ്ങൾ എവിടെ വിളയുന്നുവോ അവിടെ സ്വർഗ്ഗം ഭൂമിയെ പരിണയിക്കുന്നു. സ്വർഗ്ഗത്തിന്റെ വെളിച്ചമില്ലാതെ ഭൂമി നിലനിൽക്കില്ല. നന്മയുടെ ഉറവുകൾ വറ്റിവരണ്ടാൽ ജീവിതം തന്നെ അസ്തമിച്ചുപോകും. ചാരിത്രശുദ്ധിയുള്ള ഭൂമിയും കരുണനിറഞ്ഞ സ്വർഗ്ഗവും ഇനിയും സമാഗമിക്കട്ടെ. ■

## വികാരിയുടെ കത്ത്



# ഭവനവാഴ്വ് അഥവാ ഭവനശുദ്ധീകരണം

ഫാ. ഒ.വി. ഏലിയാസ്

ഭവനവാഴ്വ് അഥവാ ഭവനശുദ്ധീകരണം എന്ന ശുശ്രൂഷയെക്കുറിച്ച് അല്പമായി ചിന്തിക്കാം. ഇത് സഭയുടെ ഏഴ് കൂദാശകളിൽ ഉൾപ്പെടുന്ന ഒന്നല്ല. ഓശാനപെരുന്നാളിൽ കുരുത്തോല വാഴ്ത്തുകയും ദനുഹാപെരുന്നാളിൽ വെള്ളം വാഴ്ത്തുകയും ചെയ്യുന്നതുപോലെയാണ് ഭവനവാഴ്വിന്റെ ശുശ്രൂഷയും. ഇപ്രകാരമുള്ള ശുശ്രൂഷകൾക്ക് sacramentals എന്ന് പറയുന്നു. ഈ പ്രത്യേക ശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന സുറിയാനി പദം ബൂറോക്ബൈത്തോ എന്നാണ്. അർത്ഥം ഭവനവാഴ്വ്.

എല്ലാ ഭവനങ്ങളും കല്ല്, മരം, മറ്റുവസ്തുക്കൾ എന്നിവകൊണ്ട് ഉണ്ടാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളാണ്. എന്നാൽ എല്ലാ കെട്ടിടങ്ങളും ഭവനങ്ങൾ അല്ല. ഭവനങ്ങൾക്ക് പ്രത്യേക മാനദണ്ഡമുണ്ട്. ഒരു കെട്ടിടം വാസയോഗ്യമായ ഭവനമായിത്തീരുന്നത് അത് ആ ഉദ്ദേശത്തിനായി പ്രത്ഷ്ഠിക്കപ്പെടുമ്പോഴാണ്. ഹൈന്ദവ ആചാരപ്രകാരം ഒരു കെട്ടിടത്തിൽ താമസമാക്കുവാൻ തുടങ്ങുമ്പോൾ ഭവനപ്രവേശനത്തിന് വെളിച്ചം, നെല്ല്, അരി, പാല്, പണം ആദിയായവ എടുത്തുകൊണ്ട് അകത്തേക്കു പ്രവേശിക്കുന്നു. ഐശ്വര്യദേവതയെ ഭവനത്തിൽ പ്രവേശിപ്പിച്ച് കുടിയിരുത്തുന്നു എന്നാണ് അവർ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്രിസ്തീയ ആചാരപ്രകാരം താമസിക്കുവാൻ ഉദ്ദേശിക്കുന്ന ഭവനത്തിൽ പ്രവേശിച്ച് പട്ടക്കാരന്റെ കാർമ്മികത്വത്തിൽ പ്രാർത്ഥനകൾ നടത്തി എല്ലാ അഴുക്കുകളെയും മാലിന്യങ്ങളെയും പൈശാചിക ഉപദ്രവങ്ങളെയും മനുഷ്യന് ദോഷംചെയ്യുന്നവയും കുടുംബജീവിതത്തിന് ഉപദ്രവം ചെയ്യുന്നവയുമായ സകലത്തെയും അതിൽനിന്ന് നിഷ്കാസനം ചെയ്തിട്ട് വാഴ്ത്തപ്പെട്ട വെള്ളംതളിച്ച് ശുദ്ധിവരുത്തി സഖായിയുടെ ഭവനംപോലെ കർത്യവാസത്തിന് ഉതകുന്ന ഇടമാക്കിത്തീർക്കുന്നു. കർത്താവ് ആ ഭവനവാസികളോടൊപ്പം ജീവിക്കുന്നു. അപ്പോഴാണ് ആ കെട്ടിടം ഭവനമായി രൂപാന്തരപ്പെടുന്നത്. ഭവനവാഴ്വിന്റെ ശുശ്രൂഷകൾ ശ്രദ്ധിച്ചാൽ കർത്താവ്, പലവിധത്തിലും പ്രയാസം അനുഭവിച്ചിരുന്നവർക്ക് സൗഖ്യവും അനുഗ്രഹവും നൽകിയതുപോലെ ഈ ഭവനവാസികളെയും അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുന്നതായി കാണാം.

സകല രോഗങ്ങളും ആപത്തുകളും പൈശാചിക ഉപദ്രവങ്ങളും ഈ ഭവനത്തിലേക്ക് പ്രവേശിക്കാതിരിക്കാനും എല്ലാവിധ അനുഗ്രഹങ്ങളും ഭവനവാസികൾക്ക് ലഭിക്കുവാനും വേണ്ടി ഭവനത്തിന്റെ കട്ടിളപടിമേൽ വി. സ്ലീബായുടെ അടയാളത്തിൽ ത്രിത്വനാമത്തിൽ മുദ്രകുത്തുന്നു. (മിസ്രയിമിൽ യിസ്രായേൽക്കാരുടെ ഭവനങ്ങളുടെ കട്ടിളപ്പടികളിന്മേൽ തളിക്കപ്പെട്ട പെസഹാ കുഞ്ഞാടിന്റെ രക്തം സംഹാരദൂതനിൽ നിന്നും കടിഞ്ഞൂലുകളുടെ കൊലയിൽ നിന്നും അവരെ കാത്തുകൊണ്ടതുപോലെ വി. സ്ലീബായുടെ അടയാളം ശുദ്ധീകരിക്കപ്പെടുന്ന ഭവനങ്ങളുടെ കട്ടിളപ്പടികളിന്മേൽ വരയ്ക്കപ്പെടുന്നതിനാൽ നാശകരമായ സകല പൈശാചിക ഉപദ്രവങ്ങളിൽ നിന്നും മരണകരമായ സകല അസൂയയിൽ നിന്നും പ്രസ്തുതഭവനവും അതിലെ നിവാസികളും കാത്തുസംരക്ഷിക്കപ്പെടുന്നു എന്ന് സാരം.)

പ്രാർത്ഥനയോടുകൂടിയ ശുദ്ധീകരണജലത്തിന്റെ തളിപ്പാൽ ഭവനവും ഭവനവാസികളും ആന്തരീകവും ബാഹ്യവുമായ ശുദ്ധീകരണം പ്രാപിക്കുന്നു. തളിപ്പുകൊണ്ടും സ്ലീബായുടെ അടയാളത്താൽ ത്രിത്വ നാമത്തിലുള്ള മുദ്രണംകൊണ്ടും അനുഗ്രഹീതമായ ഭവനത്തിൽ, സവായിയെപ്പോലെ മാനസാന്തരപ്പെട്ട്, നമ്മുടെ കർത്താവിനോടൊരുമിച്ച് എല്ലാ കുടുംബാംഗങ്ങളും പരിശുദ്ധവും പരിപാവനവുമായ ഒരു ജീവിതം നയിക്കുവാൻ പ്രതിജ്ഞാബദ്ധരാകുന്നു.

ഭവനവാഴ്വിന്റെ ശുശ്രൂഷയുടെ പ്രധാനമായ മറ്റൊരുവശം ആ ഭവനത്തിലെ വരവുകളും ചെലവുകളും ദൈവഹിതാനുസരണം ആയിരിക്കണമെന്നുള്ളതാണ്. ന്യായവിധത്തിൽ സമ്പാദിക്കുവാനും നീതിയുക്തമായി ചെലവിടുവാനും സാധിക്കണം എന്നർത്ഥം. അതോടൊപ്പം ഭവനവാസികളും അവരുടെ എല്ലാവിധ അദ്ധ്വാനങ്ങളും സമ്പാദ്യങ്ങളും അനുഗ്രഹിക്കപ്പെട്ട് അഭിവൃദ്ധി പ്രാപിക്കണം. തികഞ്ഞ ദൈവവിശ്വാസത്താലും ദൈവാശ്രയത്താലും പുണ്യപ്രവൃത്തികളാലും പൂർവ്വപിതാക്കന്മാർ അനുഗ്രഹീതരായതുപോലെ ഈ ഭവനവാസികളും അനുഗ്രഹിക്കപ്പെടണം എന്ന പ്രാർത്ഥനയും ശ്രദ്ധേയമാണ്.

വിശ്വാസികളുടെ ഭവനങ്ങൾക്ക് ഒരു പുനഃശുദ്ധീകരണവും ഒരു പുനഃപ്രതിഷ്ഠയും ആവശ്യമാണ്. കത്തിക്കൊണ്ടിരിക്കുന്ന വിളക്കിന്റെ ചിമ്മിനിയിൽ കരിപിടിക്കുന്നതുപോലെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും സാമ്പത്തിക ഇടപാടുകളിലും കുറവും കറയും പിടിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് വിളക്കിന്റെ ചിമ്മിനി തുടക്കുന്നതുപോലെ, വീടുകൾ വെള്ളപൂശി (painting) പുതുക്കുന്നതുപോലെ, പല പ്രാവശ്യം കുമ്പസാരിച്ച് വി.കുർബ്ബാന കൈക്കൊള്ളുന്നതുപോലെ ക്രിസ്തീയ ഭവനങ്ങളും ഇടവേളകളിൽ ശുദ്ധീകരണവും പുനഃപ്രതിഷ്ഠയും, ഭവനാംഗങ്ങൾ സഖായിയെപ്പോലെ പുനഃപരിശോധനയും നടത്തേണ്ടതും ആവശ്യമാണ്. ■

# THE INTRUDER

Sixty eight year old David was a bit late when he arrived for the Sunday Service in his Parish Church in the town. And ever since the new Church was built, he sat in the same place on the left side near the main entrance. But this time, he could not occupy the seat

That's because when he entered the Church hall he discovered someone else was there in his honourable place. The trim man of about David's age well dressed was unknown to him.- And if David didn't recognize him, that meant he must be a newcomer. David stared at the man. The new comer looked ahead unaware of David's piercing look. David mulled what he might say to the alien. He finally decided it would be inappropriate for him to ask the man to move. But, he murmured to his friend about the newcomer occupying his place.

The Church Service began at the right time. David coutd not concentrate. He continued to be restless and weaved ways to displace him from the spot. But of no use while the long service reached its culmination stage. At this moment, to the great surprise of David, the high priest greeted the new comer and introduced to the devotees referring him as an eminent writer and a good preacher who came to the church as an invitee.

Heaving a sigh of relief David turned towards him with a clear intention of establishing a relation with the luminous personality hiding his guilt and shameful feelings.

***The story and characters are imaginary.***
***Petson Peter C*** ■

# KOINONIA - 2009

On the 13th June 2009, MGOCSM unit of our church geared up for an interchurch cultural fest KOINONIA ‘09.

The word KOINONIA is a greek word meaning ‘Fellowship’ More than 60 contestents from the nearby churches came forward to participate in various events. The programme started at 9.00 am. After inauguration, Registration, the participants moved to their respective venues for the competition. A live show of talent and healthy competitive spirit was maintained, while the participants took part in Bible quiz, Mock press, Sword drill, Single song, Group song and extempore.

We had a lively session on ‘CREATIVITY’ by Mr. Mamman Abraham.

After a delicious lunch everyone gathered inside the church for the valedictory ceremony. The chief gust of the day was Mr. Berny P J, renowned music director. Thevara St. Thomas Orthodox Church lifted the ever rolling trophy named after Rev. Fr. Joseph Vendrapally. Padamugal St. John Baptist Church were declared runners-up.
















എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ജൂൺ മാസത്തെ വിതരണം, വികാരി ഫാ. ഒ.വി. ഏലിയാസ്. അസി. വികാരിമാർ ഫാ. പി.ഐ. വർഗ്ഗീസ്, ഫാ. പ്രിൻസ് മാത്യു എന്നിവർ നിർവ്വഹിച്ചപ്പോൾ. കാൻസർ വാർഡിലെ ഡോ. റോസി, സ്റ്റാഫ് നഴ്സുമാർ, മാനേജിങ് കമ്മറ്റി അംഗം ശ്രീ. ഈശോ സി. മർക്കോസ് എന്നിവർ സമീപം.

## ഭദ്രാസന വിശേഷങ്ങൾ

### ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെ ഷഷ്ഠിപൂർത്തിയാഘോഷം

ഇടവക മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതിയോടെ ഭദ്രാസനസെക്രട്ടറി ഫാ. സണ്ണി വർഗ്ഗീസ് വിളിച്ചുചേർത്ത ഒരു പ്രത്യേക സമ്മേളനം 2009 ജൂൺ 18-ാം തീയതി 4 മണിക്ക് കൊരട്ടി സീയോൻ സെമിനാരിയിൽ ചേരുകയുണ്ടായി. അഭി. യൂഹാനോൻ മാർ പോളികാർപ്പസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ കൊച്ചി ഭദ്രാസനത്തിലെ വൈദികരും കൗൺസിലംഗങ്ങളും, ഭദ്രാസന പ്രതിനിധികളും. മറ്റ് അഭ്യുദയകാംക്ഷികളും ഒത്തുചേർന്ന പ്രസ്തുതമീറ്റിംഗിൽ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ 60-ാം ജന്മദിനം സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. എറണാകുളം, തൃശൂർ എന്നീ സ്ഥലങ്ങളിൽ യഥാക്രമം 16-08-09 നും 30-08-09 നും രണ്ടു സമ്മേളനങ്ങൾ നടത്തുവാനാണ് തീരുമാനം. എറണാകുളം സമ്മേളനത്തിന്റെ ജനറൽ കൺവീനർ ബഹു. ഒ.വി. ഏലിയാസച്ചനും തൃശൂർ മേഖലയിൽ ബഹു. ജോൺ പുലിക്കോട്ടിലച്ചനുമാണ്. ഇവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികളുടെ കൺവീനർമാരെയും തെരഞ്ഞെടുത്തു.

തെക്കൻമേഖല പള്ളികളിലെ വൈദികരുടെയും, അത്മായ പ്രതിനിധികളുടെയും സംയുക്ത യോഗം 28/6/09 ഞായറാഴ്ച പാലാരിവട്ടം സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ കൂടുകയും, ഈ മേഖലയിലെ മുഴുവൻ വിശ്വാസികളെയും പങ്കെടുപ്പിച്ചുകൊണ്ട് 16/8/09 ഞായറാഴ്ച വൈകിട്ട് 3.30 ന് കലൂർ എ.ജെ. ഹാളിൽ ഷഷ്ഠിപൂർത്തി ആഘോഷങ്ങൾ നടത്തുവാൻ തീരുമാനിക്കയും ചെയ്തു. മേൽ നടപടികൾക്കായി വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു.

## കുടുംബ വിശേഷങ്ങൾ

### വിശേഷദിവസങ്ങൾ

ജൂലൈ

15 ബുധൻ : മാർ കുര്യാക്കോസ് സഹദായുടെയും അമ്മ യൂലീത്തിയുടെയും ഓർമ്മ.

ആഗസ്റ്റ്

1 ശനി : പതിനഞ്ച് നോമ്പാരംഭം.

6 വ്യാഴം : മറുരൂപ പെരുന്നാൾ.
പെരുനാട് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ.



31.5.09 ൽ സെ. മേരീസ് കത്തീഡ്രലിൽ വിവാഹിതരായ ശരത്തും *(ഡോ. എ.ജി. രാജന്റെയും ഡോ. ആനി രാജന്റെയും മകൻ)* റിനുവും

### നിര്യാതരായി

1. എരൂർ കിളിക്കുന്നേൽ ശ്രീ. ബെന്നി കെ. ചെറിയാൻ (58) 2-6-2009 ൽ നിര്യാതനായി. എളംകുളം സെമിത്തേരിയിൽ സംസ്കാരം നടത്തി.

2. ഇടപ്പള്ളി പാലവിള ശ്രീ. ജോർജ്ജ് കോശിവൈദ്യൻ (33) 7-6-2009 ൽ നിര്യാതനായി. എളംകുളം സെമിത്തേരിയിൽ സംസ്കാരം നടത്തി.



3. വൈറ്റില ജനതാ റോഡ് കുരിശിങ്കൽ ശ്രീ. കെ. പി. ജോർജ്ജ് (92) 10-6-2009 ൽ നിര്യാതനായി. എളംകുളം സെമിത്തേരിയിൽ 11-6-2009 ൽ സംസ്കാരം നടത്തി.



4. എളംകുളം കാഞ്ഞിരക്കാട്ട് മിസ്സിസ് സൂസൻ ജോൺ (71) 27-6-2009 ൽ നിര്യാതയായി. എളംകുളം സെമിത്തേരിയിൽ 28-6-2009 ൽ സംസ്കാരം നടത്തി.

**പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.**

## മെറിറ്റ് ഈവനിങ് - 2009

എറണാകുളം സെന്റ്. മേരീസ് കത്തീഡ്രൽ MGOCSM യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2009 ജൂലൈ 26-ാം തീയതി 3.30 മണിക്ക് മെറിറ്റ് ഈവനിങ് നടത്തപ്പെടുന്നു. സമീപ ഇടവകകളിലെ വിദ്യാർത്ഥികളിൽ ICSE, CBSE, STATE വിഭാഗങ്ങളിൽ 10, 12 ക്ലാസ്സുകളിൽ ഏറ്റവും ഉയർന്ന മാർക്ക് ലഭിച്ചവരെയും യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കളെയും ആണ് ആദരിക്കുന്നത്. തദവസരം നമ്മുടെ ഇടവകയിലെ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ 65 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരെയും ആദരിക്കുന്നുണ്ട്. അതിനാൽ മാർക്ക് ലിസ്റ്റിന്റെ കോപ്പി വികാരിമാരെയോ, പള്ളി ഓഫീസിലോ ഏൽപ്പിക്കേണ്ടതാണ്.

### അഭിനന്ദനങ്ങൾ



ശ്രീ. ചാക്കോ ഫിലിപ്പിന്റെയും, മറിയാമ്മ ചാക്കോയുടെയും മകൾ ക്രിസ്റ്റീന മറിയം ചാക്കോ അഖിലകേരള ബാലജനസഖ്യം സംസ്ഥാന നേതൃക്യാംപിൽ മികച്ച ക്യാംപ് അംഗമായും മികച്ച കലാകാരിയായും തിരഞ്ഞെടുക്കപ്പെട്ടു. കുമാരി ക്രിസ്റ്റീന, നമ്മുടെ ഇടവകാംഗവും, ചർച്ച് സൺഡേസ്കൂൾ വിദ്യാർത്ഥിനിയുമാണ്.

കഴിഞ്ഞ മാസം മോസ്കോയിൽ വച്ച് നടത്തപ്പെട്ട വിവിധ ഓർത്തഡോക്സ് സഭകളിലെ ഗായകസംഘങ്ങളുടെ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ മലങ്കരസഭയുടെ ഗായകസംഘത്തിൽ നമ്മുടെ പള്ളിയിലെ ഗായകസംഘാംഗവും പുരയ്ക്കൽ ശ്രീ. കുര്യൻ മാത്യുവിന്റെ സഹധർമ്മിണിയുമായ ശ്രീമതി. എലിസ്ബ കുര്യൻ (പപ്പി) പങ്കെടുക്കുകയുണ്ടായി.

## കോപം അടക്കുക

"അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളൂ.
അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത് " (സങ്കീ 30.5)

സർ ജയിംസ് തോൺഹിൽ ലണ്ടനിലെ സെന്റ് പോൾസ് കത്തീഡ്രലിൽ ചിത്രങ്ങൾ വരയ്ക്കുകയായിരുന്നു. ഉയരത്തിലുള്ള പീഠത്തിൽ നിന്നു പലനാളുകൾകൊണ്ട് ഒരു ചിത്രം പൂർത്തിയാക്കാറായി. ചിത്രം വ്യക്തമായി കാണുവാൻ അല്പം പിന്നിലേക്കു മാറി ചിത്രത്തെ വീക്ഷിച്ചു. പിന്നെയും പിന്നെയും പിന്നിലേക്കു മാറി നിന്ന് ചിത്രം കാണുവാൻ ശ്രമിച്ചു. ഒരടികൂടി പുറകോട്ടു പോയാൽ പീഠത്തിൽ നിന്ന് കാലുതെറ്റി താഴെ പോകുമെന്ന നിലയിലെത്തി. ഇതുകണ്ട് തന്നെ ജോലിയിൽ സഹായിച്ചുകൊണ്ടിരുന്ന സ്നേഹിതൻ ഒരു ബ്രഷെടുത്ത് ചിത്രത്തിൽ ഒരു വരവരച്ചു. ഉടനെതന്നെ തോൺഹിൽ അലറിക്കൊണ്ട് സ്നേഹിതനുനേരെ കുതിച്ചു. സ്നേഹിതന് അയാളെ രക്ഷിക്കാൻ ഈയൊരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ. എന്നു പറഞ്ഞപ്പോൾ കോപം തണുത്ത തോൺഹിൽ സ്നേഹിതനെ അഭിനന്ദിക്കുകയാണ് ചെയ്തത്. നമുക്ക് കോപമുണ്ടാക്കുകയും, ശിക്ഷയായി തോന്നുകയും ചെയ്യുന്ന പല കാര്യങ്ങളും പിന്നീട് നല്ലതിനായി ഭവിക്കുമ്പോൾ നാം ആശ്ചര്യപ്പെടുകയും, ദൈവത്തെ സ്തുതിക്കയും ചെയ്യുന്നത് പതിവാണല്ലോ. ■

## പട്ടക്കാരന്റെ വഴി

ഒരിക്കൽ ഒരിടവകയിൽ പുതിയതായി വന്ന പട്ടക്കാരന്റെയടുത്ത് പലരും വന്ന് മറ്റുള്ളവരുടെ ദൂഷ്യവശങ്ങൾമാത്രം പറയുവാനാരംഭിച്ചു. ആദ്യം പട്ടക്കാരൻ വിചാരിച്ചു താൻ വന്നത് തെറ്റായ സ്ഥലത്തേക്കാണ്. ഇവിടെ നല്ലവർ വളരെ കുറവുമാത്രമേയുള്ളല്ലോ എന്ന്. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ പട്ടക്കാരന് ഉപദേശിക്കാൻവന്നയാളുകളിൽ സംശയം തോന്നിത്തുടങ്ങി. അദ്ദേഹം ആലോചിച്ച് ഒരുപായം കണ്ടുപിടിച്ചു. ഒരു പുസ്തകം വാങ്ങിവച്ചിട്ട് പിന്നീട് മറ്റുള്ളവരുടെ കുറ്റം പറഞ്ഞുവരുന്നവരോട് അവർ പറയുന്ന കാര്യങ്ങൾ പുസ്തകത്തിൽ എഴുതുവാൻ ആവശ്യപ്പെട്ടു. അവർക്കാർക്കും ആ നടപടി ഇഷ്ടപ്പെട്ടില്ല. അതറിഞ്ഞവർ ആരുംതന്നെ പുതിയ കുറ്റാരോപണങ്ങളുമായി എത്തിയുമില്ല. - തെറ്റിൽ വീണവരെ കുറ്റപ്പെടുത്തി വേർപെടുത്തുന്നതിനുപകരം അവരോട് സ്നേഹപൂർവ്വം ഇടപെട്ട് കൂടെ കൂട്ടുകയാണ് വേണ്ടത്. ■

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin

**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***